ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.12.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദിയും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. രാഷ്ട്രപതി ഭവനിൽ വ്ളാഡിമിർ പുടിന് ഇന്ന് ഔദ്യോഗിക സ്വീകരണം നൽകി.

   Meeting between Prime Minister Narendra Modi and Russian President Vladimir Putin is underway in New Delhi. The Russian President was accorded a ceremonial reception at Rashtrapati Bhawan this morning.

2) ശീതകാല സമ്മേളനത്തിൻറെ 5-ാം ദിവസമായ ഇന്ന് പാർലമെൻറിൻറെ ഇരു സഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു

   In Parliament, proceedings are progressing in both the Houses on the fifth day of the Winter Session

3) ദ്വൈമാസ ധനനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോനിരക്ക് 5.25 ശതമാനമായി കുറച്ചു.

   The Reserve Bank of India reduced the Policy repo rate by 25 basis points to 5.25% today.

4) സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം പുരോഗമിക്കുന്നു. ആദ്യഘട്ട വോട്ടെടുപ്പിന് ഇനി നാല് ദിവസം മാത്രം.

Campaigning for local body polls intensified across the state. Four days remain for the first phase of polling.

5) ഇൻഡിഗോ വിമാനങ്ങൾ തുടർച്ചയായി റദ്ദാക്കുന്നതിൻറെ പശ്ചാത്തലത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി വ്യോമയാന മന്ത്രാലയം.

Civil Aviation Ministry and DGCA review situation arising out of IndiGo's widespread operational disruptions and flight cancellations.

6) ജൂനിയർ ഹോക്കി ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ബെൽജിയത്തെ നേരിടും

In FIH Hockey Men's Junior World Cup 2025, India will face traditional rivals Belgium in the quarterfinals today at Egmore in Chennai.

****************

## PM-PUTIN (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദിയും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ഇരുരാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി ബന്ധത്തിൻറെ പുരോഗതി നേതാക്കൾ വിലയിരുത്തുകയാണ്. ആഗോള, പ്രാദേശിക തലത്തിൽ നിലനിൽക്കുന്ന വിവിധ വിഷയങ്ങളും ഇരുവരും ചർച്ച ചെയ്യും. വ്യാപാരം, ആരോഗ്യം, സമ്പദ് വ്യവസ്ഥ തുടങ്ങി വിവിധ മേഖലകളിലെ സുപ്രധാന ധാരണാപത്രങ്ങളിലും ഇന്ത്യയും റഷ്യയും ഒപ്പുവയ്ക്കും.

റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിന് രാഷ്ട്രപതി ഭവനിൽ അൽപസമയം മുൻപ് ഔദ്യോഗിക സ്വീകരണം നൽകിയിരുന്നു. രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ചേർന്നാണ് പുടിനെ സ്വീകരിച്ചത്. ആദരസൂചകമായി

അദ്ദേഹത്തിന് ഗാർഡ് ഓഫ് ഓണറും നൽകി. രാജ്ഘട്ടിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയ്ക്ക് വ്ളാഡിമിർ പുടിൻ ആദരം അർപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന ഔദ്യോഗിക വിരുന്നിലും അദ്ദേഹം ഇന്ന് വൈകുന്നേരം പങ്കെടുക്കും. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ഇന്നലെ വൈകുന്നേരമാണ് വ്ളാഡിമിർ പുടിൻ ന്യൂഡൽഹിയിലെത്തിയത്. ഡൽഹി വിമാനത്താവളത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ടെത്തിയാണ് റഷ്യൻ പ്രസിഡന്റിനെ സ്വീകരിച്ചത്.

**ഒരു റിപ്പോർട്ട്**

**(ഹോൾഡ്)**

പ്രധാനമന്ത്രി നരേന്ദ്രമോദിയും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനും കഴിഞ്ഞ 11 വർഷത്തിനിടെ 19 ആം തവണയാണ് കൂടിക്കാഴ്ച നടത്തുന്നത്. ഇരു രാജ്യങ്ങൾക്കുമിടയിലെ ഔദ്യോഗിക ചർച്ചകൾക്കുള്ള പ്രധാന വേദിയാണ് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടി. ഇന്ത്യ-റഷ്യ ഉഭയകക്ഷി വ്യാപാരം വലിയ തോതിലുള്ള പുരോഗതി 2024-25 കാലയളവിൽ കൈവരിച്ചിരുന്നു. 2030 ഓടെ ഉഭയകക്ഷി വ്യാപാരം 100 ബില്യൺ ഡോളറിൽ എത്തിക്കാനാണ് ഇന്ത്യയും റഷ്യയും ലക്ഷ്യമിടുന്നത്. വ്യാപാര മേഖലയ്ക്ക് പുറമേ, ഗഗൻയാൻ ഉൾപ്പെടെയുള്ള ബഹിരാകാശ ദൗത്യങ്ങളിലും ഇരു രാജ്യങ്ങൾക്കുമിടയിൽ മികച്ച രീതിയിലുള്ള സഹകരണമാണ് നിലനിൽക്കുന്നത്. ഇന്ത്യയ്ക്കും റഷ്യയ്ക്കുമിടയിലെ വർദ്ധിച്ചു വരുന്ന വ്യാപാര, നയതന്ത്ര ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ റഷ്യൻ പ്രസിഡൻറിൻറെ ഇന്ത്യ സന്ദർശനത്തിന് വളരെയേറെ പ്രാധാന്യമുണ്ട്.

ന്യൂസ് ഡസ്ക്, ആകാശവാണി

****************

**PUTIN**

ഇന്ത്യ- റഷ്യ പങ്കാളിത്തം മറ്റൊരു രാജ്യത്തിനും എതിരല്ലെന്നും, ഇരു രാജ്യങ്ങളുടെയും താത്പര്യം സംരക്ഷിക്കുക മാത്രമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും വ്ളാഡിമിർ പുടിൻ വ്യക്തമാക്കി. ഇന്ത്യ-റഷ്യ ഊർജ്ജ പങ്കാളിത്തത്തെ എതിർക്കുന്നവർ,

ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെ പരിമിതപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. പാശ്ചാത്യ ഉപരോധത്തിൻറെ പശ്ചാത്തലത്തിലും, ഇന്ത്യയ്ക്കും റഷ്യയ്ക്കുമിടയിലെ സഹകരണം മുൻപുണ്ടായിരുന്ന വിധത്തിൽ തുടരുകയാണെന്നും പുടിൻ വ്യക്തമാക്കി.

****************

## PM GITA PUTIN

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഭഗവത് ഗീതയുടെ റഷ്യൻ ഭാഷയിലുള്ള പകർപ്പ് സമ്മാനിച്ചു. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ഗീത പ്രചോദനം നൽകുന്നതായി ശ്രീ മോദി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

****************

## Parliament

ശീതകാല സമ്മേളനത്തിൻറെ 5-ാം ദിവസമായ ഇന്ന് പാർലമെൻറിൻറെ ഇരു സഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. തമിഴ്നാട്ടിലെ ക്ഷേത്രവുമായി ബന്ധപ്പെട്ട് ഡിഎംകെ അംഗങ്ങൾ നടത്തിയ പ്രതിഷേധത്തെ തുടർന്ന് 12 മണി വരെ നിർത്തിവെച്ച ലോക്സഭ നടപടികൾ, പുനഃരാരംഭിച്ചു. രാജ്യസഭയിൽ നടപടികൾ തടസ്സമില്ലാതെ പുരോഗമിക്കുകയാണ്.

****************

## RBI-REPO RATE (INTRO)

ദ്വൈമാസ ധനനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്കിൽ 25 അടിസ്ഥാന പോയിൻറുകളുടെ കുറവ് വരുത്തി. ഇതോടെ റിപ്പോ നിരക്ക് 5.5 ൽ നിന്നും 5.25 ശതമാനമായി കുറഞ്ഞു. ഭവന, വാഹന വായ്പകളുടെ പലിശ നിരക്ക് ഇതിലൂടെ കുറയും . മുംബൈയിൽ നടന്ന ആർബിഐ ധന നയ സമിതി യോഗത്തിലാണ് തീരുമാനം. രാജ്യത്ത് പണപ്പെരുപ്പം ഗണ്യമായി കുറഞ്ഞതായും ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു. 2025-26 സാമ്പത്തിക വർഷത്തെ

ജിഡിപി വളർച്ചാ നിരക്ക്  6.8 ശതമാനത്തിൽ നിന്ന് 7.3 ശതമാനമായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നതായും ആർ ബി ഐ ഗവർണ്ണർ അറിയിച്ചു.
(ഹോൾഡ്)

****************

## RIJIJU-WAQF PROPERTIES

ഒരു ലക്ഷത്തി 51,000 ലധികം വഖഫ് വസ്തുവകകൾ ഉമീദ് പോർട്ടലിൽ ഇതുവരെ രജിസ്റ്റർ ചെയ്തതായി കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. പോർട്ടലിൽ വസ്തുവകകൾ രജിസ്റ്റർ ചെയ്യാൻ കേന്ദ്ര നിശ്ചയിച്ചിരുന്ന ആറ് മാസ സമയപരിധി ഇന്ന് അവസാനിക്കുകയാണ്. ലക്ഷക്കണക്കിന് വസ്തുവകകൾ ഇനിയും രജിസ്റ്റർ ചെയ്യാൻ ബാക്കിയുണ്ടെന്നും മന്ത്രി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പോർട്ടലിൽ അടുത്ത മൂന്ന് മാസത്തിനിടെ രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും പിഴ ഈടാക്കില്ലെന്നും മന്ത്രി ഉറപ്പു നൽകി.

****************

## Election-Kerala

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പിന് ഇനി നാല് ദിവസം മാത്രം.  തിരുവനന്തപുരം മുതൽ എറണാകുളം വരെ ഏഴ് ജില്ലകളിൽ ഈ മാസം ഒമ്പതിനാണ് ആദ്യഘട്ട വോട്ടെടുപ്പ്. വാർഡുകളിൽ
സ്ഥാനാർത്ഥികൾ  പ്രചാരണം  ശക്തമാക്കിയിരിക്കുകയാണ്. വാഹന പ്രചാരണ റാലികൾ,  റോഡ് ഷോ, വീടുകൾ തോറുമുള്ള വോട്ടഭ്യർത്ഥന ഉൾപ്പെടെ
പുരോഗമിക്കുന്നു.  രണ്ടാം ഘട്ടത്തിൽ  തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ 11നാണ്  വോട്ടെടുപ്പ്. 13 നാണ് വോട്ടെണ്ണൽ.

****************

## Ratan U Kelkar

സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത
എസ്.ഐ.ആർ  ഫോമുകളുടെ  എണ്ണം 2 കോടി 61 ലക്ഷത്തി 55,000 ത്തോട് അടുക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ

യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 93.91 ശതമാനമാണ്. ഫോമുകൾ സ്വീകരിക്കുന്നതിനും അപ്‌ലോഡ് ചെയ്യുന്നതിനുമായി സജ്ജമാക്കിയിട്ടുള്ള ക്യാമ്പുകൾ ഇന്നും തുടരും.

****************

## DGCA - INDIGO DISRUPTION

ഇൻഡിഗോ വിമാനങ്ങൾ തുടർച്ചയായി റദ്ദാക്കുന്നതിൻറെ പശ്ചാത്തലത്തിൽ വിമാന കമ്പനി ഉദ്യോഗസ്ഥരുമായി സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറൽ അവലോകന യോഗം ചേർന്നു. വ്യോമയാനമന്ത്രി റാം മോഹൻ നായിഡു യോഗത്തിൽ സന്നിഹിതനായി. തടസ്സങ്ങൾ പരിഹരിക്കുന്നതിനും, ക്രൂ റിക്രൂട്ട്മെന്റ്, പരിശീലനം, എന്നിവയ്ക്കുമായി വിശദമായ മാർഗരേഖ തയ്യാറാക്കാൻ മന്ത്രി നിർദേശം നൽകി. പ്രതിദിനം നൂറ് കണക്കിന് സർവ്വീസുകൾ ഇൻഡിഗോ റദ്ദാക്കുന്നത് യാത്രക്കാർക്ക് കടുത്ത പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഇന്നലെ മാത്രം 300 ഓളം സർവീസുകൾ റദ്ദാക്കിയതായാണ് വിവരം. യാത്രക്കാർ വിമാന വിവരങ്ങൾ കൃത്യമായി പരിശോധിക്കണമെന്ന് വിമാനത്താവള അധികൃതർ മുന്നറിയിപ്പ് നൽകി.

****************

## ED-ANIL AMBANI

റിലയൻസ് അനിൽ അംബാനി ഗ്രൂപ്പിന്റെ 1,120 കോടി രൂപയുടെ സ്വത്തുവകകളും, നിക്ഷേപങ്ങളും താൽക്കാലികമായി കണ്ടുകെട്ടിയതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് . ബാങ്ക് തട്ടിപ്പ് കേസുകളുമായി ബന്ധപ്പെട്ട്, കള്ളപ്പണം വെളുപ്പിക്കൽ നിയമപ്രകാരമാണ് നടപടി . 10,117 കോടി രൂപയുടെ വസ്തുവകകളാണ് കേസിൽ ഇതുവരെ കണ്ടുകെട്ടിയത്.

****************

## OPERATION SAGAR BANDHU

ശ്രീലങ്കയിൽ ദിത്വ ചുഴലിക്കാറ്റിൽ മരിച്ചവരുടെ എണ്ണം 486 ആയി ഉയർന്നു. 341 പേരെ കാണാതായി. ഒന്നര ലക്ഷത്തിലധികം പേർ ഇപ്പോഴും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുകയാണ്. മേഖലയിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഓപ്പറേഷൻ സാഗർ ബന്ധുവിലൂടെ ഇന്ത്യ, ദുരന്തബാധിതരെ മേഖലയിൽ നിന്നും പുറത്തെത്തിക്കുന്നതും, മെഡിക്കൽ സഹായം നൽകുന്നതും അടക്കമുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്.

****************

## Mens Hockey World Cup

ജൂനിയർ പുരുഷ ഹോക്കി ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ബെൽജിയത്തെ നേരിടും. രാത്രി എട്ടു മണിക്ക് ചെന്നൈയിലാണ് മത്സരം.

****************

## DIGILOCKER

പാസ്പോർട്ട് വെരിഫിക്കേഷൻ റെക്കോർഡുകൾ ഇനിമുതൽ ഡിജിലോക്കർ പ്ലാറ്റ്ഫോമിൽ ലഭ്യമാകും. പേപ്പർ രഹിത സേവനം പ്രോത്സാഹിപ്പിക്കുന്നതിനായി വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് വാർത്താവിനിമയ മന്ത്രാലയമാണ് ഈ സൗകര്യം ഒരുക്കിയത്. രേഖകൾ സുരക്ഷിതമായി സൂക്ഷിക്കാനും വിശദമായി പരിശോധിക്കാനും ഇത് പൗരന്മാരെ സഹായിക്കുന്നു. ഡിജിലോക്കറിന്റെ ഇഷ്യുഡ് ഡോക്യുമെന്റ് വിഭാഗത്തിലാകും പാസ്പോർട്ട് വെരിഫിക്കേഷൻ റെക്കോർഡുകൾ ലഭ്യമാവുക.

****************

## NIA-ARRESTS

അനധികൃതമായി ആയുധങ്ങൾ കൈവശം വെച്ചതിനും ആയുധ കടത്ത് നടത്തിയതിനും നാല് പേരെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. മൂന്ന് സംസ്ഥാനങ്ങളിലായി എൻ ഐ എ നടത്തിയ വ്യാപക തിരച്ചിലിലാണ് ഇവർ പിടിയിലായത്. ബിഹാർ, യുപി, ഹരിയാന ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലാണ്

തിരച്ചിൽ നടന്നത്. ഒരു കോടിയിലധികം രൂപയും ഡിജിറ്റൽ ഉപകരണങ്ങളും ഇവരിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

****************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 492 പോയിൻറ് ഉയർന്ന് 85,757 ലും, നിഫ്റ്റി 151 പോയിൻറ് ഉയർന്ന് 26,185 ൽ വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വിലയിൽ വർധന. ഗ്രാമിന് 25 രൂപ കൂടി 11,910 ഉം പവന് 200 രൂപ കൂടി 95,280 രൂപയുമായി.

****************

***********

***